LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ ഗുരുതരമായ കൃത്യവിലോപം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

(എ&ബി) വില്ലേജ് ഓഫീസർമാർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കി മാത്രമാണ് തൃശ്ശൂരിൽ പട്ടയ ഭൂമിയിൽ നിന്നും മുറിച്ച മരങ്ങൾ കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നും പാസ് അനുവദിച്ചിട്ടുള്ളത്.

(സി) മരംമുറി വിഷയത്തിൽ മുൻ വനം വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗത്തിനെതിരെ ആരോപണം ഉയർന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മരംമുറി കേസ്സുമായി ബന്ധപ്പെട്ട് കുറ്റക്കാരെന്ന് കണ്ടെത്തിയ സ്ഥലമുടമകൾ, കച്ചവടക്കാർ, മില്ലുടമകൾ എന്നിവരെ പ്രതികളാക്കി കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

വയനാട് ജില്ലയിൽനിന്ന് മുറിച്ച മരങ്ങളുടെ എണ്ണം

124 (430) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

24-10-2020-ന് ശേഷം വയനാട് ജില്ലയിലെ വനം റേഞ്ചുകളിൽ നിന്ന് മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കുമോ; ഇതിൽ വനം വകുപ്പിന്റെ അനുമതിയോടെ മുറിച്ച മരങ്ങളുടെ എണ്ണവും അനുമതിയില്ലാതെ മുറിച്ച മരങ്ങളുടെ എണ്ണവും എത്രയെന്ന വിവരം ലഭ്യമാക്കാമോ?

24-10-2020-ന് ശേഷം വയനാട് ജില്ലയിലെ വനം റേഞ്ചുകളിൽ ഉൾപ്പെട്ട പട്ടയഭൂമിയിൽ നിന്ന് ആകെ 123 ഈട്ടിമരങ്ങളും 86 തേക്ക് മരങ്ങളും മുറിച്ചിട്ടുണ്ട്. പ്രസ്തുത മരങ്ങൾ എല്ലാം തന്നെ വനം വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് മുറിച്ചിട്ടുള്ളത്.

പാലക്കാട് വനം റേഞ്ചുകളിൽ നിന്നും മുറിച്ച മരങ്ങളുടെ എണ്ണം

125 (431) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24-10-2020-ന് ശേഷം മൊത്തം എത്ര ഈട്ടി/തേക്ക് /എബണി/ചന്ദനം എന്നീ മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ വനം റേഞ്ചുകളിൽ നിന്നും 24-10-2020-ന് ശേഷം മുറിച്ച ഈട്ടി/ തേക്ക്/എബണി/ചന്ദനം എന്നിവയുടെ എണ്ണം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ഇനം	മുറിച്ച മരങ്ങളുടെ എണ്ണം
1	ഈട്ടി	602
2	തേക്ക്	8794
3	എബണി	ഇല്ല
4	ചന്ദനം	ഇല്ല
	ആകെ	9396

(ബി) ഇതിൽ വനം വകുപ്പിന്റെ അനുമതി വാങ്ങി മുറിച്ച മരങ്ങളുടെ എണ്ണം ലഭ്യമാക്കാമോ; വകുപ്പിന്റെ അനുമതിയില്ലാതെ എത്ര മരങ്ങളാണ് ഈ കാലയളവിൽ മുറിച്ചതെന്ന വിവരം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ മുറിച്ചിട്ടുള്ള 9396 മരങ്ങളും വനം വകുപ്പിന്റെ അനുമതിയോടെയാണ് മുറിച്ചിട്ടുള്ളത്.

വയനാട്ടിലെ മരം മുറി

126 (432) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുട്ടിൽ മരം മുറി സംഭവത്തെ തുടർന്ന് വനഭൂമിയിൽ നിന്നും മരം മുറി നടന്നിട്ടുണ്ടോ എന്ന് വനം വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളിൽ നിന്നും എത്ര മരങ്ങളാണ് മുറിച്ചു മാറ്റിയതെന്നും ഇതിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണമെത്രയെന്നും വ്യക്തമാക്കുമോ;

(സി) വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് പ്രസ്തുത കാര്യത്തിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) പരിശോധന നടത്തിയിട്ടുണ്ട്. വനഭൂമിയിൽ നിന്നും മരങ്ങൾ മുറിക്കപ്പെട്ടിട്ടില്ല..

LIBRARY ARCHIVES Kerala Legislative Assembly